(ബി) ഓരോ വർഷവും സംസ്ഥാന സർക്കാർ എത്ര തുക വീതം ഏതെല്ലാം പദ്ധതികൾക്ക് ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിൽ നിന്നും 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ കൈത്തറി വികസനത്തിനായി ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധം ഒന്നിലും† കയർ മേഖലയുടെ വികസനത്തിനായി ലഭിച്ച തുക യുടെ വിവരങ്ങൾ അനുബന്ധം രണ്ടിലും† ചേർത്തിരിക്കുന്നു. 2002-03 സാമ്പത്തിക വർഷം മുള വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 75 ലക്ഷം രൂപ ലഭിച്ചു. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും തുകയൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സാമൂഹ്യക്ഷേമ പെൻഷനുകൾ

111 [479] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സാമൂഹികക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭ്യമാകുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഇത്തരം ഓരോ പദ്ധതിയ്ക്കും എത്ര ശതമാനം ധനസഹായം കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) 2001 മേയ് മാസത്തിനു ശേഷം സംസ്ഥാനത്ത് ഏതെങ്കിലും സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതിയോ മറ്റേതെങ്കിലും തരത്തിലുള്ള സാമൂഹികക്ഷേമ പദ്ധതി കളോ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ ഗുണഭോക്താക്കളുടെ എണ്ണവും ഓരോ സാമ്പത്തിക വർഷവും ഈ പദ്ധതിക്കായി ചെലവഴിച്ച തുകയും എത്രയെന്നുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും 50 വയസ്സിനേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ.

(ബി) പ്രസ്തുത പെൻഷൻ പദ്ധതികളിൽ ദേശീയ വാർദ്ധക്യകാല പെൻഷന് മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭ്യമാകുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം 110 രൂപാ പെൻഷൻ നൽകുന്നതിൽ 75 രൂപ (68%) കേന്ദ്ര വിഹിത മായാണ് നൽകുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. ഒരു കപ്പ് പാലും ഷേക്ക് ഹാന്റും—ഗുണഭോക്താക്കളുടെ എണ്ണം—6.67 ലക്ഷം.

ചെലവഴിച്ച തുക—

2002-03—1490.41 ലക്ഷം രൂപ

2003-04—1340.00 ലക്ഷം രൂപ

2004-05—577.60 ലക്ഷം രൂപ

2004-05 ഓട് കൂടി ഈ പദ്ധതി നിർത്തലാക്കി. പകരമായി 'റ്റേക്ക് ഹോം റേഷൻ സ്ട്രാറ്റജി' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പരീക്ഷണാർത്ഥം സംസ്ഥാനത്തെ മൂന്ന് ഐ.സി.ഡി.എസ്. ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഗുണ ഭോക്താക്കളുടെ എണ്ണം 13300. ഈയിനത്തിൽ ചെലവഴിക്കേണ്ട തുകയുടെ വിശദാം ശങ്ങൾ ലഭ്യമായിട്ടില്ല.

2. മാൽന്യൂട്രീഷൻ ഫ്രീ കേരള എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

3. സാധുജന സുരക്ഷാ പദ്ധതി എന്ന പേരിൽ അഗതികൾക്കായി ഒരു പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരു ത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. 'സ്നേഹതീരം' എന്ന പേരിൽ വൃദ്ധന്മാർക്കായി ഒരു പദ്ധതി തുടങ്ങാൻ തീരുമാനമെടുത്തിട്ടുണ്ട്.

## സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വൃദ്ധസദനങ്ങൾ

112 [480] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് സംസ്ഥാനത്ത് എത്ര വൃദ്ധസദനങ്ങൾ നടത്തുന്നുണ്ടെന്നും അവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നതെന്നും വെളിപ്പെടു ത്തുമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരമുള്ള എത്ര വൃദ്ധസദനങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്;

(സി) സന്നദ്ധസേവന സംഘടനകളും ചാരിറ്റബിൾ സൊസൈറ്റികളും നടത്തുന്ന വൃദ്ധസദനങ്ങൾക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പ് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്നും നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിയ്ക്കുന്നതെന്നും പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് ഏതെല്ലാം മാനദണ്ഡങ്ങൾക്കനുസൃതമായാണെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly